**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2817** **10-03-2025 - ൽ മറുപടിയ്ക്ക്**

**പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗങ്ങൾക്കായുള്ള ക്ഷേമ പ്രവർത്തനങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ തോമസ് കെ തോമസ്,<br>ശ്രീ. കെ.പി.മോഹനൻ | | ശ്രീ ഒ . ആർ. കേളു<br>(പട്ടിക ജാതി, പട്ടിക വർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പ് മന്ത്രി) | |
| (എ) | പട്ടികജാതി- പട്ടികവർഗ്ഗ വിഭാഗങ്ങൾക്കായുള്ള ക്ഷേമ പ്രവർത്തനങ്ങൾ യഥാസമയം ലഭ്യമാക്കുന്നതിന് എന്തെല്ലാം പുതിയ നടപടികളാണ് സ്വീകരിച്ച് വരുന്നത്? | (എ) | **പട്ടികവർഗ്ഗ വികസന വകുപ്പ്**<br><br>പട്ടിക വർഗ്ഗ വിഭാഗങ്ങൾക്കായുള്ള ക്ഷേമ പ്രവർത്തനങ്ങൾ യഥാസമയം ലഭ്യമാക്കുന്നതിന് ചുവടെ ചേർക്കുന്ന നടപടികൾ സ്വീകരിച്ചിട്ടുണ്ട്;<br><br>പട്ടികവർഗ്ഗക്കാരുടെ പ്ലാൻ ഫണ്ട് വിനിയോഗ വിവരങ്ങൾ സംസ്ഥാനതലത്തിലും ജില്ലാതലത്തിലും അവലോകനം ചെയ്യുന്നതിന് പ്ലാൻ സ്പേയ്സ് എന്ന സംവിധാനം നിലവിലുണ്ട്. ഇതിലൂടെ ഓരോ പദ്ധതിയിലും വിനിയോഗിക്കുന്ന തുകയുടെ വിവരം അറിയാൻ സാധിക്കുന്നതാണ്. ഈ സംവിധാനം പ്രയോജനപ്പെടുത്തിക്കൊണ്ട് സംസ്ഥാന തലത്തിൽ ബഹു. മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ പദ്ധതി പുരോഗതി വിലയിരുത്തുന്നുണ്ട്.<br><br>ചീഫ് സെക്രട്ടറിയുടെ അദ്ധ്യക്ഷതയിൽ മാസത്തിലൊരിക്കൽ വിവിധ വകുപ്പുകളുടെ പ്രാതിനിധ്യത്തോടെ പദ്ധതി പുരോഗതി വിലയിരുത്തുന്നതിനോടൊപ്പം വിവിധ പാദങ്ങളിലായി സർക്കാർ നിഷ്കർഷിച്ചിട്ടുള്ള പുരോഗതി കൈവരിക്കുന്നതിന് ആവശ്യമായ നിർദ്ദേശവും നൽകുന്നുണ്ട്. കൂടാതെ ബഹു. വകുപ്പ് മന്ത്രി, വകുപ്പ് സെക്രട്ടറി, വകുപ്പ് ഡയറക്ടർ എന്നിവരും പദ്ധതി പുരോഗതി വിലയിരുത്താറുണ്ട്.<br><br>പട്ടികവർഗ്ഗ വിഭാഗത്തിനായി നടപ്പിലാക്കുന്ന പദ്ധതികൾ ആസൂത്രണം ചെയ്യുന്നതിനും കാര്യക്ഷമത ഉറപ്പ് വരുത്തി പുരോഗതി വിലയിരുത്തുന്നതിനുമായി എല്ലാ ജില്ലകളിലും ജില്ലാ കളക്ടർ അദ്ധ്യക്ഷനും ജനപ്രതിനിധികൾ അംഗങ്ങളുമായി വർക്കിംഗ് ഗ്രൂപ്പ് നിലവിലുണ്ട്. ജില്ലാതലത്തിൽ നടത്തുന്ന പദ്ധതികളുടെ കാര്യക്ഷമത വർദ്ധിപ്പിക്കുന്നതിന് ഈ |

കമ്മിറ്റി പദ്ധതികൾ പരിശോധിച്ചു യഥാസമയം പുരോഗതി വിലയിരുത്തി വരുന്നു.

പട്ടികവർഗ്ഗ വികസന വകുപ്പ് ഡയറക്ടർ ചെയർമാനും, ജോയിൻറ് ഡയറക്ടർ കൺവീനറും ഡെപ്യൂട്ടി ഡയറക്ടർ, ജില്ലാ ഓഫീസർമാർ എന്നിവർ അംഗങ്ങളുമായി രൂപീകരിച്ച കമ്മിറ്റി കൃത്യമായ ഇടവേളകളിൽ പദ്ധതി പുരോഗതി സംസ്ഥാന തലത്തിൽ വിലയിരുത്തുന്നുണ്ട്. പദ്ധതി നടത്തിപ്പിന്റെ സാമ്പത്തിക ഭൗതിക നേട്ടങ്ങൾ എല്ലാ മാസവും ജില്ലാകളക്ടറുടെ അദ്ധ്യക്ഷതയിൽ ജില്ലാതലത്തിൽ ചേരുന്ന ജില്ലാവികസന സമിതി യോഗത്തിലും പ്ലാൻ

സ്പെയ്സിന്റെ അടിസ്ഥാനത്തിൽ വിലയിരുത്തുന്നുണ്ട്. ഡയറക്ടറേറ്റിലെ ഉദ്യോഗസ്ഥർ ജില്ലകളിൽ സന്ദർശനം നടത്തി പുരോഗതി വിലയിരുത്തുന്നു. ജില്ലാ/സംസ്ഥാന തല വർക്കിംഗ് ഗ്രൂപ്പുകൾ സമയബന്ധിതമായി ചേരുന്നത് മൂലം പ്രോജക്ടുകൾക്ക് അംഗീകാരം ലഭ്യമാക്കി നടപ്പിലാക്കാനും സാധിക്കുന്നുണ്ട്.

**പട്ടികജാതി വികസന വകുപ്പ്**

പട്ടികജാതി വിഭാഗങ്ങൾക്കായുള്ള ക്ഷേമ പ്രവർത്തനങ്ങൾ സർക്കാർ നിഷ്കർഷിച്ചിട്ടുള്ള മാനദണ്ഡങ്ങളും വ്യവസ്ഥകളും പാലിച്ച് സമയബന്ധിതമായാണ് നടപ്പാക്കി വരുന്നത്. പ്രസ്തുത മാനദണ്ഡങ്ങൾ കൃത്യമായി പാലിച്ചാണ് പദ്ധതികളുടെ ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുന്നത്. വകുപ്പ് വിവിധ തലങ്ങളിൽ നടത്തുന്ന പ്രതിമാസ അവലോകന യോഗങ്ങളിൽ ക്ഷേമ പദ്ധതികളുടെ നിർവ്വഹണം സംബന്ധിച്ച പുരോഗതി വിലയിരുത്തപ്പെടുകയും പദ്ധതികൾ കാര്യക്ഷമമായി നടപ്പാക്കുന്നതിനുള്ള നിർദ്ദേശങ്ങൾ ബന്ധപ്പെട്ട നിർവ്വഹണ ഉദ്യോഗസ്ഥർക്ക് നൽകുകയും ചെയ്തു വരുന്നു. വകുപ്പിന്റെ ആഭ്യന്തര ഓഡിറ്റ് വിഭാഗം വകുപ്പ് നടപ്പാക്കുന്ന എല്ലാ ക്ഷേമ പദ്ധതികളും വിശദമായി പരിശോധിക്കുകയും ന്യൂനത പരിഹാര നടപടികൾ നിർദ്ദേശിക്കുകയും ചെയ്തു വരുന്നു. പട്ടികജാതി വിഭാഗങ്ങൾക്കിടയിൽ നടപ്പിലാക്കി വരുന്ന ക്ഷേമ പദ്ധതികളെക്കുറിച്ച് ടി വിഭാഗങ്ങൾക്ക് അവബോധം നല്കുന്നതിനായി പട്ടികജാതി പ്രൊമോട്ടർമാരെ നിയമിച്ചിട്ടുണ്ട്. പ്രസ്തുത വിഭാഗത്തിലെ താഴെ തട്ടിലുള്ളവരുടെ ഇടയിൽ പ്രവർത്തിച്ച് അവരുമായി ആശയവിനിമയം നടത്തുന്നതിന് പട്ടികജാതി പ്രൊമോട്ടർമാർക്ക് പരിശീലനം നല്കിയിട്ടുണ്ട്. സാമൂഹ്യമാധ്യമങ്ങൾ വഴി ക്ഷേമ പദ്ധതിയുടെ വിവരം പട്ടികജാതി വിഭാഗങ്ങൾക്കിടയിൽ

| | | | |
|---|---|---|---|
| | | | എത്തിക്കുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്. വകുപ്പിന്റെ വെബ് സൈറ്റിൽ പദ്ധതികളുടെ വിവരം ഉൾപ്പെടുത്തിയിട്ടുമുണ്ട്. |

സെക്ഷൻ ഓഫീസർ